# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 993

11/03/2015-ലെ മറുപടിയ്ക്ക്

## വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി പെൺകുട്ടികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള വാത്സല്യനിധി പദ്ധതിയ്ക്കായി 2014-15 ബഡ്ജറ്റിൽ എന്ത് തുക വകകൊള്ളിച്ചിട്ടുണ്ട്; | (എ) വാത്സല്യനിധി പദ്ധതിയ്ക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ വിദ്യാജ്യോതി പദ്ധതിക്കായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) വിദ്യാജ്യോതി പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പട്ടികജാതിക്കാർക്കായി ശ്മശാനങ്ങൾ ആരംഭിക്കാൻ മിഷൻ 676-ൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആയതിലേക്ക് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയെത്ര; | (സി) നിർദ്ദേശിച്ചിട്ടുണ്ട്. സ്മൃതിവനം പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ആവശ്യമായ തുക കണ്ടെത്തുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര ശ്മശാനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു; ആയതിന് എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ; | (ഡി) സ്മൃതിവനം പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി ശ്മശാനങ്ങളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ |

കീഴിലുള്ള 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കു ന്നതിന് 180.44 ലക്ഷം രൂപ അനുവദിക്കുകയും 30.43 ലക്ഷം രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക നടപ്പ് വർഷം തന്നെ ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ഇ) | വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതി കൾക്കായി 31/01/2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ? | (ഇ) | വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതി കൾക്കായി 31/01/2015 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

Sali KJ

**സെക്ഷൻ ഓഫീസർ**